പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 4451 — 17.05.2017 ൽ മറുപടിയ്ക്ക്

കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് വില

ചോദ്യം
ശ്രീ.ബി.ഡി. ദേവസ്സി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയ്ക്കുവേണ്ടി കർഷകരിൽ നിന്നും വിവിധ മില്ലുടമകൾ സംഭരിക്കുന്ന നെല്ലിന് മില്ലുടമകൾക്കും കർഷകനും യഥാസമയം വില ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നെല്ല് സംഭരിച്ചതിനു ശേഷം ആയതിന്റെ അളവ് അനുസരിച്ച് മാത്രമാണ് തുക ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിക്കുന്നത്. കേന്ദ്ര സർക്കാർ നല്കുന്ന മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി), അടിസ്ഥാന താങ്ങുവിലയായ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (എസ്.ഐ.ബി) എന്നിവയിൽ നിന്നുമാണ് നെല്ലിന് വില നല്കി വരുന്നത്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിന്റെ വില കർഷകർക്ക് കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ തൂക്കം കിഴിച്ച് മാത്രം മില്ലുടമകൾ കർഷകർക്ക് വില നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗുണമേന്മയുടെ പേരിൽ തൂക്കം കുറക്കുന്നത് ഒഴിവാക്കുന്നതിനായി മില്ലുടമകൾ വഴി സ്വീകരിക്കുന്ന നെല്ലിന്റെ പരിശോധനയ്ക്ക് മില്ലുടമകളുടെ ഏജന്റിന് പകരം കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ